# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :793 30.11.2018 ലെ മറുപടിയ്ക്ക്

## ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ആർ. രാജേഷ് | | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| എ) | പട്ടികജാതി പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിന് നല്കുന്ന അപേക്ഷകൾക്ക് ഏറ്റവും വേഗത്തിൽ തുക ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) | പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കാലതാമസം കൂടാതെ ധനസഹായം നൽകുന്നതിലേയ്ക്കായി ചികിത്സാ ധനസഹായ പദ്ധതി ടി-ഗ്രാന്റ്സ് എന്ന പേരിൽ ഓൺലൈൻ സംവിധാനം മുഖേന നവീകരിച്ചിട്ടുണ്ട്. അപേക്ഷകർ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം ഓൺലൈനായി അപേക്ഷിച്ചാൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ, വകുപ്പ് മന്ത്രിയുടെ ഓഫീസ് എന്നിവ മുഖേന ഓൺലൈനായി പരിശോധിച്ച് തുക പാസാക്കി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ മുഖേന ബില്ലുമാറി ധനസഹായം അപേക്ഷകന്റെ അക്കൗണ്ടിലേയ്ക്ക് ലഭിക്കുന്നതാണ്. എം.എൽ.എ, എം.പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സാക്ഷ്യപത്രം മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ നേരിട്ട് |

| | | | |
|---|---|---|---|
| | | | ബഹു. മന്ത്രിയുടെ ഇൻബോക്സിൽ എത്തുകയും മേൽപറഞ്ഞ നടപടികൾ അതിവേഗം സ്വീകരിക്കുന്നതിനുമുള്ള സംവിധാനമുണ്ട്. അക്ഷയകേന്ദ്രങ്ങൾ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുന്നതുമാണ്.<br>പട്ടികവർഗ്ഗ വികസന വകുപ്പിൽ ടി-ഗ്രാന്റ്സ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ള ഗുണഭോക്താക്കൾക്ക് അനുവദിക്കപ്പെട്ട തുക കാലതാമസം കൂടാതെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കുക യാണ് ചെയ്യുന്നത്. |
| ബി) | ആലപ്പുഴ ജില്ലയിൽ ഇപ്രകാരം അനുവദിക്കപ്പെട്ട തുക വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| സി) | തുക വിതരണം ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | സി) | ബാധകമല്ല |

**സെക്ഷൻ ഓഫീസർ**